# സൈലൻറ്‌വാലി

ഏതാനും മാസം മുമ്പ് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിററ്യൂട്ടിലെ വൈൽഡ് ലൈഫ് വിഭാഗം സൈലൻറ്‌വാലിയെപ്പററി, ഒരു ശാസ്ത്രീയ പഠനറിപ്പോർട്ട് തെയ്യാറാക്കിയതായി അധികപേരും അറിഞ്ഞിരിക്കയില്ല. സൈലൻറ്‌വാലിയെപ്പററി ഇത്രവളരെ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ ഉണ്ടായിട്ടും ഈ റിപ്പോർട്ട് എന്തുകൊണ്ട് പൊതുജനങ്ങൾക്കവേണ്ടി പ്രസിദ്ധപ്പെടുത്തിയില്ല? ഇങ്ങനെ ഒന്നുള്ള വിവരംപോലും ബന്ധപ്പെട്ട അധികാരികൾ വെളിപ്പെടുത്തിയിട്ടില്ല. അതിനാൽ ഇതിൻെറ പിന്നിൽ എന്തോ നിഗൂഢോദ്ദേശ്യം കിടപ്പുണ്ടെന്നു വേണം അനുമാനിക്കാൻ. ഇനിയെങ്കിലും ഈ റിപ്പോർട്ടുവായനക്കാർക്കുവേണ്ടി പ്രസിദ്ധീകരിക്കുമോ? അങ്ങനെയെങ്കിലും തെററിദ്ധാരണകളിൽ കുടുങ്ങിക്കിടക്കുന്ന നമ്മുടെ വായനക്കാർക്ക് സൈലൻറ് വാലിയുടെ ഒരു ശരിയായ രൂപം കിട്ടട്ടെ!

അടുത്തതായി, ഒരു പ്രാഥമിക പഠനം നടത്തിക്കഴിഞ്ഞ സ്ഥിതിക്ക്, നടപ്പിൽ വരുന്ന പദ്ധതികൊണ്ട് അവിടെയുള്ള 'ജന്തുസസ്യാദികൾക്കു വരുന്ന ഗുണ–ദോഷ'ങ്ങളെപ്പററിയുള്ള ഒരു പഠനംകൂടി തുടർന്നു നടത്തരുതോ? ദിനംപ്രതിയെന്നോണം പെരുകിക്കൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികൾക്ക് ഒരു മാർഗദർശിയായിരിക്കുകയില്ലേ ഇങ്ങനെയുള്ള പഠനം? ഇതിന് നമ്മുടെ ശാസ്ത്ര–ഗവേഷണ സ്ഥാപനങ്ങൾ മുന്നോട്ടു വരികയില്ലേ?

—ആർ. സുഗതൻ,
ബോംബേ–23